**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3293** **26-06-2024 - ൽ മറുപടിയ്ക്ക്**

**പാലക്കാട് ജില്ലയിലെ ബ്രെയ്‌ലി സാക്ഷരതാ, ഇ-മുറ്റം പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. മമ്മിക്കുട്ടി | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് നടത്തിവരുന്ന ബ്രെയ്‌ലി സാക്ഷരതാ പദ്ധതി, ഇ-മുറ്റം പദ്ധതി എന്നിവയുടെ വിശദാംശം നൽകുമോ; പ്രസ്തുത പദ്ധതികളുടെ ഭാഗമായി പാലക്കാട് ജില്ലയിൽ നടത്തിവരുന്ന പ്രവർത്തനങ്ങൾ വിശദമാക്കുമോ? | (എ) | സംസ്ഥാനത്ത് നടത്തി വരുന്ന ബ്രെയ്‌ലി സാക്ഷരതാ പദ്ധതി,ഇ-മുറ്റം പദ്ധതി എന്നിവയുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.<br><br>പാലക്കാട് ജില്ലയിൽ കാഴ്ച പരിമിതർക്കായി നടത്തിവരുത്തുന്ന ബ്രെയിൽ സാക്ഷരത പദ്ധതിയുടെ ജില്ലാതല സംഘാടക സമിതി കൂടുകയും 13 ബ്ലോക്കുകളിലായി 13 ഇൻസ്ട്രക്ടർമാരെ തെരഞ്ഞെടുക്കുകയും ചെയ്തു. സാമൂഹ്യനീതി വകുപ്പിന്റെയും തദ്ദേശ സ്വയംഭരണ വകുപ്പിന്റെയും സഹകരണത്തോടെ സർവേ നടത്തി 617 പഠിതാക്കളെ കണ്ടെത്തുകയും തുടർന്ന് ഇൻസ്ട്രക്ടർമാർക്കുള്ള പരിശീലന പരിപാടികൾ നടത്തുകയും ചെയ്തു."ദീപ്തി" ബ്രെയിൽ സാക്ഷരതാ പാഠാവലിയുടെ പ്രകാശനം വായനദിനമായ ജൂൺ 19 ന് നടത്തുകയുണ്ടായി.<br><br>"ഇ-മുറ്റം"പദ്ധതി പാലക്കാട് ജില്ലയിൽ വിജയകരമായി പൂർത്തിയായിട്ടുണ്ട്. ജില്ലയിൽ മലമ്പുഴ ബ്ലോക്കിൽ മരുതറോഡ് ഗ്രാമപഞ്ചായത്തിലാണ് പദ്ധതി നടപ്പാക്കിയത്. സർവേയിലൂടെ 3600 പേരെ കണ്ടെത്തുകയും 2023 മെയ് 23 ന് ക്ലാസ്സുകൾ ആരംഭിക്കുകയും ചെയ്തു. സർവ്വേയിലൂടെ കണ്ടെത്തിയ 3600 ൽ 3247 പഠിതാക്കളെ സാക്ഷരരാക്കി. പാലക്കാട് ജില്ലക്ക് പദ്ധതിക്കായി 95,000/-രൂപ അനുവദിക്കുകയും ടി തുക മുഴുവനായും വിനിയോഗിക്കുകയും ചെയ്തു. 2023 ഡിസംബർ 5 ന് മരുതറോഡ് ഗ്രാമപഞ്ചായത്തിനെ സമ്പൂർണ്ണ ഡിജിറ്റൽ സാക്ഷരതാ പഞ്ചായത്തായി പ്രഖ്യാപിക്കുകയുണ്ടായി. |

സെക്ഷൻ ഓഫീസർ

## അനുബന്ധം

### ബ്രെയ്‌ലി സാക്ഷരതാ പദ്ധതി

കേരളസംസ്ഥാന സാക്ഷരതാമിഷൻ അതോറിറ്റി കേരള ഫെഡറേഷൻ ഓഫ് ബ്ലൈൻഡ് അധ്യാപക ഫോറവുമായി ചേർന്ന് കാഴ്ച വെല്ലുവിളി നേരിടുന്നവർക്ക് വിദ്യാഭ്യാസ പിന്തുണ ഉറപ്പാക്കികൊണ്ട് നടപ്പാക്കുന്ന പദ്ധതിയാണ് ബ്രെയിലി സാക്ഷരതാ പദ്ധതി - " ദീപ്തി " . പ്രസ്തുത പദ്ധതിയുടെ ഭാഗമായി പതിനാല് ജില്ലകളിൽ നിന്നും സർവ്വെയിലൂടെ 1330 പഠിതാക്കളെ കണ്ടെത്തിയിട്ടുണ്ട്. പഠിതാക്കൾക്കുള്ള ബ്രെയിൽ സാക്ഷരതാ പാഠപുസ്തകം, വർക്ക്ഷീറ്റ് എന്നിവ പ്രിന്റ് ചെയ്യുന്നതിനായി കേരള ഫെഡറേഷൻ ഓഫ് ബ്ലൈൻഡിന് വർക്ക് ഓർഡർ നൽകിയിട്ടുണ്ട്. മെയ് മാസത്തിൽ നടത്തിയ ഇൻസ്ട്രക്ടർ പരിശീലനത്തിനാവശ്യമായ ബ്രെയിൽ പാഠപുസ്തകവും വർക്ക് ഷീറ്റും കേരള ഫെഡറേഷൻ ഓഫ് ബ്ലൈൻഡ് അച്ചടിച്ച് ലഭ്യമാക്കി. പഠിതാക്കൾക്കുള്ള ബ്രെയിൽ ഉപകരണങ്ങൾ കേരളത്തിൽ ലഭ്യമല്ലാത്തതിനാൽ ഡെറാഡൂണിലെ എൻഐഇപിവിഡി, അഡ്വാൻസ് ഇഞ്ചിനീയറിംഗ് എന്നീ സ്ഥാപനങ്ങളിൽനിന്നും 400 എണ്ണം വാങ്ങിയിട്ടുണ്ട്. പദ്ധതിക്കായി ബ്രെയിൽ ലിപിയിൽ പ്രാവീണ്യമുള്ള ഇൻസ്ട്രക്ടർമാരെ തെരഞ്ഞെടുത്ത് അവർക്കുള്ള മേഖലാതല പരിശീലനം മെയ് മാസത്തിൽ പൂർത്തീകരിച്ചു. പ്രസ്തുത പരിശീലനത്തിൽ പങ്കെടുക്കാത്ത ഇൻസ്ട്രക്ടർമാർക്ക് ജൂൺ മാസം അവസാന ആഴ്ച പരിശീലനം സംഘടിപ്പിക്കുന്നതാണ്. ജൂൺ മാസം അവസാനവാരത്തോടെ പഠിതാക്കൾക്കുള്ള പാഠപുസ്തകവും ബ്രെയിൽ ഉപകരണങ്ങളും ജില്ലകളിൽ എത്തിക്കുന്നതിനും ക്ലാസുകൾ ആരംഭിക്കുന്നതിനുമുള്ള നടപടി സ്വീകരിച്ചുവരുന്നു. പദ്ധതി രൂപരേഖ പ്രകാരം നാല് മാസം (160 മണിക്കൂർ) ക്ലാസുകൾ നൽകി ഒക്ടോബർ മാസത്തിൽ പരീക്ഷ നടത്തുന്നതാണ്.

### ഇ-മുറ്റം പദ്ധതി

സംസ്ഥാന സർക്കാരിന്റെ 100 ദിന കർമ്മപരിപാടിയുടെ ഭാഗമായി സമൂഹത്തിൽ നിലനിൽക്കുന്ന ഡിജിറ്റൽ വിടവ് മറികടക്കുന്നതിനും കേരളത്തെ ഡിജിറ്റൽ സാക്ഷരത കൈവരിക്കുന്ന സംസ്ഥാനമാക്കി മാറ്റുക എന്ന ലക്ഷ്യത്തോടെയും കേരളസർക്കാർ പൊതുവിദ്യാഭ്യാസ വകുപ്പ്, കേരള സംസ്ഥാന സാക്ഷരതാ മിഷൻ അതോറിറ്റി, കൈറ്റ് കേരള എന്നിവയുടെ സംയുക്താഭിമുഖ്യത്തിൽ നടപ്പിലാക്കിയ ഡിജിറ്റൽ ബോധവൽകരണ പരിപാടിയാണ് ഇ-മുറ്റം പദ്ധതി. ഇന്റർനെറ്റിൽ വരുന്ന വ്യാജവാർത്തകൾ, തെറ്റായ പ്രചരണങ്ങൾ, കുറ്റകൃത്യങ്ങൾ, അക്രമവാസന ഉളവാക്കുന്ന പരിപാടികൾ എന്നിവയ്ക്കെതിരെയുള്ള ബോധവത്കരണത്തിന്റെ ആവശ്യകതയിൽ നിന്നുമാണ് ഇത്തരമൊരു പദ്ധതി ഉടലെടുക്കുന്നത്. പതിനാല് ജില്ലകളിൽ നിന്നും ഒരു പഞ്ചായത്ത് വീതം തെരഞ്ഞെടുത്ത് പ്രസ്തുത പഞ്ചായത്തിൽ 15 വയസ്സിന് മുകളിൽ ഡിജിറ്റൽ സാക്ഷരത ഇല്ലാത്തവരെ കണ്ടെത്തി ആ പഞ്ചായത്തിനെ ഡിജിറ്റൽ പഞ്ചായത്താക്കി മാറ്റുക എന്നതാണ് പദ്ധതിയുടെ ലക്ഷ്യം. പദ്ധതിയുടെ സംസ്ഥാനതല ഉദ്ഘാടനം കണ്ണൂർ ജില്ലയിലെ കതിരൂർ ഗ്രാമപഞ്ചായത്തിൽ 2023 ഏപ്രിൽ 11ന് നടന്നു. പ്രസ്തുത പദ്ധതിയുടെ നടത്തിപ്പിന് 2023 മാർച്ച് 23 ന് സർക്കാർ ഭരണാനുമതി നൽകുകയും പദ്ധതി പ്രവർത്തന ചെലവിലേക്കായി നിന്നും 15,00,000/- രൂപ (പതിനഞ്ച് ലക്ഷം രൂപ മാത്രം) അനുവദിക്കുകയും ചെയ്തു.

തെരഞ്ഞെടുക്കപ്പെട്ട പഞ്ചായത്തുകളിലെ എൻ.എസ്.എസ്, എൻ.സി.സി വോളന്റിയർമാർ, സന്നദ്ധ പ്രവർത്തകർ, അങ്കണവാടി അധ്യാപകർ, കുടുംബശ്രീ പ്രവർത്തകർ തുടങ്ങിയവരിൽ നിന്നും ഇൻസ്ട്രക്ടർമാരെ കണ്ടെത്തുകയും ജില്ലാ റിസോഴ്സ് പേഴ്സൺമാർ തെരഞ്ഞെടുക്കപ്പെട്ട ഇൻസ്ട്രക്ടർമാർക്ക് കൈറ്റ് കേരളയുടെ നേതൃത്വത്തിൽ പരിശീലനം നൽകുകയും ചെയ്തു.

പദ്ധതിയിൽ കൈറ്റ് കേരള തയ്യാറാക്കിയ പാഠഭാഗങ്ങളുടെ അടിസ്ഥാനത്തിൽ പഠിതാക്കളുടെ സൗകര്യപ്രദമായ സമയമനുസരിച്ചാണ് ക്ലാസുകൾ ക്രമീകരിച്ചത്. സാക്ഷരതാ പ്രവർത്തകർക്കും മറ്റ് സന്നദ്ധ പ്രവർത്തകർക്കും കൈകാര്യം ചെയ്യാൻ കഴിയുന്ന വിധത്തിലാണ് മോഡ്യൂൾ തയ്യാറാക്കിയിരുന്നത്. ജില്ലകളിലെ സാക്ഷരതാ പ്രേരക്മാരു ടെയും ജില്ലാ മിഷൻ ഓഫീസറുമാരുടെയും സഹായത്തോട്ടുകൂടിയാണ് പദ്ധതി പ്രവർത്തനങ്ങൾ നടത്തിയത്.

2024 ജനുവരി 8 ന് സംസ്ഥാനത്തെ 100% ഡിജിറ്റൽ സാക്ഷരത എന്ന ലക്ഷ്യം കൈവരിക്കുന്നതുമായി ബന്ധപ്പെട്ട് നടന്ന യോഗത്തിൽ ഇന്ത്യയിലാദ്യമായി സമ്പൂർണ്ണ ഡിജിറ്റൽ സാക്ഷരത കൈവരിച്ച നിയോജക മണ്ഡലമായി കണ്ണൂർ ജില്ലയിലെ തളിപ്പറമ്പ് നിയോജകമണ്ഡലത്തെ പ്രഖ്യാപിച്ചു. പതിനാല് ജില്ലകളിലും പദ്ധതി വിജയകരമായി പൂർത്തീകരിക്കുകയും ആകെ 26,971 പേർ ഗുണഭോക്താക്കളാക്കുകയും ചെയ്തു.